LIBRARY ARCHIVES Kerala Legislative Assembly

ബിസിനസ് ടു ബിസിനസ് എക്സിബിഷൻ

187 (572) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബിസിനസ്സ് ടു ബിസിനസ്സ് എക്സിബിഷൻ സംഘടിപ്പിച്ചതിന്റെ ഫലമായി എന്തൊക്കെ മാറ്റങ്ങളാണ് വ്യവസായ മേഖലയിൽ വന്നിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എസ്.എം.ഇ.-കൾക്ക് വേണ്ടി 2015 ഫെബ്രുവരി 26 മുതൽ 28 വരെ കൊച്ചിയിൽ നടത്തിയ കേരള ബിസിനസ് ടു ബിസിനസ് മീറ്റിൽ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈയിൽസ് & ഗാർമെന്റ്സ്, റബ്ബർ, മര വ്യവസായങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുളപോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ തുടങ്ങിയ മേഖലകളിൽ നിന്നുള്ള 150 ചെറുകിട ഉത്പാദകർക്ക് അവരുടെ ഉത്പന്നങ്ങളും സാങ്കേതികവിദ്യയും പ്രദർശിപ്പിക്കുന്നതിനും സംസ്ഥാനത്തിനു പുറത്തുള്ള ആവശ്യക്കാരുമായി നേരിട്ട് സംവദിക്കുന്നതിനുമുള്ള അവസരം ലഭിച്ചു.

ഈ മീറ്റിൽ പങ്കെടുത്ത ചെറുകിട വ്യവസായികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണന സാധ്യത കണ്ടെത്തുവാൻ സാധിക്കുകയും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുവാനുള്ള അവസരം കിട്ടുകയും ചെയ്തു.

മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം

188 (573) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവൂരിൽ പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

മാവൂരിൽ പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ കിൻഫ്ര അധികൃതരുമായി നടത്തിയ ചർച്ചയിൽ താഴെപ്പറയുന്ന പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സന്നദ്ധത ബിർല ഗ്രൂപ്പ് അറിയിച്ചിട്ടുണ്ട്.